പൂർണ്ണമാകണമെങ്കിൽ ഈ കംപ്യൂട്ടർ രംഗത്ത് നമുക്ക് മുന്നേറാൻ കഴിയണം. ജനങ്ങൾക്ക് എളുപ്പത്തിൽ വിവരം അറിയുന്നതിനും ഭരണ പ്രക്രിയ നടത്തുന്നതിനും കംപ്യൂട്ടർവൽക്കരണം സഹായകമാകും. അതുപോലെ ഇൻഫർമേഷൻ ടെക്നോളജി രംഗത്തും ഇതു സഹായകമാകും. ഇതിനൊരു പ്രത്യേക സംവിധാനമുണ്ടാക്കി കൊണ്ട്, ഒരു പ്രത്യേക സമിതിയുണ്ടാക്കിക്കൊണ്ട് ഇന്നു നടക്കുന്ന എല്ലാ കംപ്യൂട്ടർ കോഴ്സുകളും കംപ്യൂട്ടർ സെന്ററുകളും രജിസ്റ്റർ ചെയ്യാനും ഒരേ ഗുണനിലവാരമുള്ള സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്യുവാനും അവർക്ക് കേരളത്തിൽത്തന്നെ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും ശ്രമിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, സംസ്ഥാനത്തെ സർക്കാർ മേഖലകളിലും സ്വകാര്യ മേഖലകളിലുമായി ധാരാളം കംപ്യൂട്ടർ പരിശീലന സ്ഥാപനങ്ങൾ നിലവിലുണ്ട്. ഈ സ്ഥാപനങ്ങളിൽ നടക്കുന്ന വിവിധ കംപ്യൂട്ടർ കോഴ്സുകൾക്ക് ഒരു ഏകീകൃതമായ പാഠ്യക്രമമോ, പരീക്ഷാ സമ്പ്രദായമോ നിലവിലില്ല. ഈ സ്ഥാപനങ്ങളുടെയെല്ലാം പ്രവർത്തനം ഏകോപിപ്പിക്കുവാനും അതിൽക്കൂടി കംപ്യൂട്ടർ വിവരസാങ്കേതിക വിദ്യയിൽ നടത്തുന്ന കോഴ്സുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ചില നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഐ.ടി. വ്യവസായത്തിന്റെ കൂടി സജീവ പങ്കാളിത്തത്തോടുകൂടി ഒരു പരിശീലന ഏകീകരണത്തിനുള്ള സാദ്ധ്യതയും പരിശോധിച്ച് വരികയാണ്. വിവിധ സ്വകാര്യ കംപ്യൂട്ടർ പരിശീലന കേന്ദ്രങ്ങൾ നൽകുന്ന കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കാനും പൊതുവായ ഒരു പരിശോധനാസമ്പ്രദായത്തിന് രൂപംകൊടുക്കുവാനും ഒരേ നിലവാരമുള്ള സർട്ടിഫിക്കറ്റുകൾ നൽകുവാനും കംപ്യൂട്ടർ വ്യവസായവുമായി യോജിച്ച് പോകുന്ന നടപടികൾക്ക് കഴിയും. വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ സഹായവും ഇക്കാര്യത്തിൽ ഉറപ്പാക്കുന്നതാണ്.

(4) കണ്ണൂർ ജില്ലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കുടുംബകോടതി

ശ്രീ. കെ. സുധാകരൻ : സർ, കണ്ണൂർ ജില്ലയുടെ ഹെഡ്ക്വാർട്ടർ ആണ് കണ്ണൂർ. എന്നാൽ കോടതികളുടെ ഹെഡ്ക്വാർട്ടർ തലശ്ശേരിയാണ്. എല്ലാ ജില്ലാ കോടതികളും സബ്കോടതികളും തലശ്ശേരിയിലാണ്. വാസ്തവത്തിൽ ഇൻഡ്യയിൽ ഒരു മുൻസിഫ് കോടതി മാത്രം. ആസ്ഥാനത്ത് നിലനിൽക്കുന്ന ഏക ഹെഡ്ക്വാർട്ടർ കണ്ണൂരാണ്. ഇവിടെയുള്ളത് ഒരു മുൻസിഫ് കോടതിയാണ്. ലേബർ കോർട്ട്, അതുപോലെതന്നെ മറ്റ് ചെറിയ മജിസ്ട്രേട്ട് കോടതിയുമാണ് ആകെയുള്ളത്. ഇപ്പോൾ ഒരു പുതിയ കുടുംബകോടതി കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന ഞാൻ വായിച്ചു. കണ്ണൂരിൽ സ്ഥാപിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ, ഇതിപ്പോൾ തലശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുവെന്നാണ് കണ്ണൂരിലെ പൊതുപ്രചരണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്, അദ്ദേഹം തലശ്ശേരി എം.എൽ.എ.യാണ്. അദ്ദേഹത്തിന് തലശ്ശേരിയോട് കൂറുണ്ടാകും. പക്ഷേ, എങ്കിൽപോലും ഒരമ്മയ്ക്ക് മകനോടുള്ള സ്നേഹം

LIBRARY ARCHIVES Kerala Legislative Assembly

വേണം. ഒരു അവയവം മാത്രം നീണ്ടുപോകുന്നത് ഒരമ്മ സഹിക്കുമോ ? ഒരു equalisation വേണം. ഒരു balancing വേണം. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നത് കണ്ണൂരാണ് ഹെഡ്ക്വാർട്ടർ, വടക്ക് പയ്യന്നൂർ, തളിപ്പറമ്പ് മജിസ്ട്രേട്ട് കോടതി, പയ്യന്നൂർ മജിസ്ട്രേട്ട് കോടതി, കിഴക്ക് മട്ടന്നൂർ കോടതി, കൂത്തുപറമ്പ് കോടതി ഈ നാല് കോടതികളിൽ നിന്നും എത്തിച്ചേരാൻ സാധിക്കുന്ന സെന്ററാണ് കണ്ണൂർ. മാത്രവുമല്ല അപേക്ഷകരിൽ ഏറ്റവും കൂടുതൽ സ്ത്രീകളാണ്. ഒരു ജില്ലയിൽ നിന്ന് ഒരു സെന്ററിലേക്ക് എത്താൻ സ്ത്രീകളെ സഹായിക്കുക വഴി കുടുംബ കോടതി കണ്ണൂരിൽ തന്നെ സ്ഥാപിക്കാനുള്ള നടപടി മുഖ്യമന്ത്രി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, സംസ്ഥാനത്തെ എല്ലാ ജുഡീഷ്യൽ ജില്ലാ ആസ്ഥാനങ്ങളിലും കുടുംബകോടതി സ്ഥാപിക്കണമെന്ന് കുടുംബ കോടതി നിയമം അനുശാസിക്കുന്നു. ഇതിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കോട്ടയം, മഞ്ചേരി എന്നിവിടങ്ങളിൽ കുടുംബ കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഓരോ ജില്ലയിലേയും കുടുംബ സംബന്ധമായ കേസുകളുടെ എണ്ണം പരിഗണിച്ചും എല്ലാ ജില്ലയിലും കുടുംബകോടതികൾ ഘട്ടംഘട്ടമായി സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ച് വരികയാണ്. കണ്ണൂർ ജില്ലയിൽ കുടുംബകോടതി അനുവദിക്കുന്നതിന് ഹൈക്കോടതിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. കുടുംബ കോടതിയുടെ കേന്ദ്രം എവിടെയാണെന്നുള്ളത് ഹൈക്കോടതിയുമായി ആലോചിച്ച് തീരുമാനിക്കാം.

(5) എറണാകുളം റോസ് ജുവലറിയിൽ നടന്ന മോഷണം

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, എറണാകുളത്തെ റോസ് ജുവലറിയിൽ നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട വമ്പിച്ച കവർച്ചയിലേക്ക് ശ്രദ്ധക്ഷണിക്കുന്നതിന് വേണ്ടിയാണ് ഈ സബ്മിഷൻ സമർപ്പിച്ചത്. കടയുടമ തന്നെ ദുരുദ്ദേശത്തോടെ ആസൂത്രണം ചെയ്ത ഒരു കപട നാടകമായിരുന്നു അതെന്ന് ഇപ്പോൾ അറിവായിട്ടുണ്ട്. അടുത്ത കാലത്ത് ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മൂന്നാമത്തെ സംഭവമാണിത്. എറണാകുളത്ത് തന്നെ രണ്ടാമത്തേയും ഷെർലക്ഹോംസ് കഥകളിൽ നിന്നും ഹോളിവുഡ് പടങ്ങളിൽ നിന്നും ആശയം കടമെടുത്തിട്ടുള്ളതുപോലെ വർദ്ധിച്ചു വരുന്ന ഇത്തരം സാമ്പത്തിക കുറ്റകൃത്യങ്ങൾക്കെതിരെ ജാഗ്രതയോടുകൂടിയ നടപടിയും മുൻകരുതലുകളും ഉണ്ടാകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, എറണാകുളം സിറ്റിയിൽ ജോസ് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന റോസ് ജുവലറിയിൽ മോഷണം നടന്നതായി ജുവലറി ഉടമ ജോസഫ് ഫ്രാൻസിസ് 6-3-2000-ന് രാവിലെ 9.00 മണിക്ക് പോലീസ് കൺട്രോൾ റൂമിൽ ടെലഫോൺ വിളിച്ച് അറിയിച്ചു. കൺട്രോൾ റൂമിൽ നിന്നും വിവരമറിയിച്ചതനുസരിച്ച് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ നിന്ന് പോലീസ് എത്തി വിശദമായ അന്വേഷണം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly